

ഓർഖാൻ മുഹമ്മദ് അലി

# ഉർദുഗാൻ എന്താണ് ലക്ഷ്യമിടുന്നത്?

**വൻ** ഭൂരിപക്ഷത്തോടെ അധികാരത്തിൽ തിരിച്ചെത്തിയ ശേഷം തുർക്കിയിലെ റജബ് ത്വയ്യിബ് ഉർദുഗാനും അദ്ദേഹത്തിന്റെ ജസ്റ്റിസ് ആന്റ് ഡവലപ്മെന്റ് (എ.കെ) പാർട്ടിയും മാധ്യമങ്ങളിലും ലോക രാഷ്ട്രീയവേദികളിലും നിറഞ്ഞു നിൽക്കുകയാണ്. തുർക്കിയിലെ പൊതുസമൂഹം മാത്രമല്ല, അറബ്-ഇസ്ലാമികലോകത്തെ മതബോധമുള്ള എല്ലാവരും ഈ തിരിച്ചുവരവിൽ അത്യധികം അഹ്ലാദിക്കുന്നു. പക്ഷേ, ഇപ്പോൾ തുർക്കിയിൽനിന്ന് വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ അവരെ ആശയക്കുഴപ്പത്തിലാക്കുന്നുണ്ട് എന്നതും കാണാതിരുന്നുകൂടാ. രാഷ്ട്രത്തിന്റെ സെക്യുലർ ഘടനയെ താൻ തൊടുകയില്ലെന്നും ആ ഘടനയെ താൻ ആദരിക്കുന്നുവെന്നും ഉർദുഗാൻ എന്തിനാണ് പറഞ്ഞത്? അവർക്കത് മനസ്സിലാവുന്നില്ല. ശരീഅത്ത് നടപ്പാക്കുന്ന ഒരു ഇസ്ലാമിക് റിപ്പബ്ലിക്കാക്കി അദ്ദേഹം തുർക്കിയെ ഉടൻ മാറ്റും എന്നായിരിക്കും അവർ പ്രതീക്ഷിച്ചിട്ടുണ്ടാവുക.

ഈ കാഴ്ച തീരെ യാഥാർഥ്യബോധമില്ലാത്തതും ഉപരിപ്ലവവുമാണ്. മുസ്ലിം സമൂഹങ്ങൾ പലപ്പോഴും വൈകാരികമായാണ് കാര്യങ്ങളെ കാണുന്നത്. ഒരു നാടിന്റെ രാഷ്ട്രീയ സ്ഥിതിയോ പ്രത്യേകമായ ചുറ്റുപാടുകളോ സമീപകാല ചരിത്രമോ ഒന്നും പഠിക്കാനോ വിശകലനം ചെയ്യാനോ അവർ മെനക്കെടാറില്ല. അതുകൊണ്ട് തന്നെ അവരെത്തിച്ചേരുന്ന നിഗമനങ്ങളും വിധിതീർപ്പുകളും പലപ്പോഴും അബദ്ധമായി കലാശിക്കുകയും ചെയ്യുന്നു. ഇത്തരം വൈകാരികതകളിൽനിന്ന് മുസ്ലിംകൾ മാറിനിൽക്കേണ്ട കാലമായിരിക്കുന്നു.

അറബ്-ഇസ്ലാമിക ലോകത്തെ ഭൂരിപക്ഷവും പ്രതീക്ഷിച്ചിരുന്നതുപോലെ ഒരു ഇസ്ലാമിക് റിപ്പബ്ലിക് സ്ഥാപിക്കലായിരുന്നോ ഉർദുഗാന്റെ ഉദ്ദേശ്യം? അല്ല എന്നാണ് എന്റെ മറുപടി. ഇങ്ങനെയൊരു ഉദ്ദേശ്യം അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ പാർട്ടിക്കോ ഉണ്ടായിരുന്നില്ല. പൊതുവെ ഈയൊരു ലക്ഷ്യം അദ്ദേഹത്തിന്റെ പാർട്ടി ഉയർത്തിക്കാട്ടിയിരുന്നുമില്ല. കാരണം ഏകദേശം ഒരു നൂറ്റാണ്ടായി തുർക്കിയിൽ നിലനിൽക്കുന്ന രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ച് നന്നായി അറിയുന്ന ആളാണ് ഉർദുഗാൻ. യഥാർഥ ഭരണം കൈയാളുന്ന അധികാരകേന്ദ്രങ്ങൾ ഏതൊക്കെ എന്നും അദ്ദേഹത്തിന് നിശ്ചയമുണ്ട്. വൈദേശിക ശക്തികളുടെ സാന്നിധ്യം ഇതിനു പുറമെയാണ്. ഒരു രാഷ്ട്രീയക്കാരനും ഈ യാഥാർഥ്യങ്ങൾ കണ്ടില്ലെന്ന് നടിക്കാനാവില്ല. ഇരുപതോ മുപ്പതോ വർഷം കഴിഞ്ഞല്ലാതെ തുർക്കിയിലെ ഏതൊരു ഇസ്ലാമിക പ്രസ്ഥാനത്തിനും ഇതുപോലൊരു ലക്ഷ്യം ഉയർത്തിക്കാട്ടാനാവുകയുമില്ല.

## അർബകാന്റെ പരീക്ഷണം

ഇസ്‌ലാമിക് റിപ്പബ്ലിക് എന്ന സ്വപ്നം കൊണ്ട് നടക്കുന്നവർ, ഒന്നാം ലോകയുദ്ധത്തോടനുബന്ധിച്ച് ഉസ്മാനിയ ഖിലാഫത്ത് തകർന്നതിനു ശേഷം തുർക്കിയിൽ നടന്നതെന്ത് എന്ന് അറിയാത്തവരാണ്. തുർക്കിയിലെ പ്രത്യേക ചുറ്റുപാടുകളെക്കുറിച്ചും അവിടെ അധികാരം കൈയാളുന്നവരെക്കുറിച്ചും അവർ മനസ്സിലാക്കിയിട്ടില്ല. നജ്മുദ്ദീൻ അർബകാൻ ഈ ചുറ്റുപാടുകൾ കണക്കിലെടുക്കാതെ- തീർച്ചയായും അദ്ദേഹമത് ചെയ്യേണ്ടതായിരുന്നു- മുന്നോട്ടു പോയപ്പോൾ ഭരണഘടനാ കോടതിക്ക് അദ്ദേഹത്തിന്റെ പാർട്ടിയെ വളരെ എളുപ്പത്തിൽ പിരിച്ചുവിടാൻ കഴിഞ്ഞു. ഇത് ഒരു തവണയല്ല, മൂന്ന് തവണ തുടർച്ചയായി സംഭവിച്ചു. ഇപ്പോഴും അദ്ദേഹത്തിന് രാഷ്ട്രീയ പ്രവർത്തനം നടത്താൻ അനുവാദമില്ല. അർബകാന്റെ പാർട്ടിയിലുണ്ടായിരുന്ന ഉർദുഗാന്നും അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കും ഇത് വലിയൊരു പാഠമായിരുന്നു. ഇതേവഴി തന്നെ തെരഞ്ഞെടുത്താൽ അത് കടലിൽ കൃഷി ചെയ്യലായിരിക്കുമെന്ന് അവർ തിരിച്ചറിഞ്ഞു. മാറിച്ചിന്തിച്ചിരുന്നില്ലെങ്കിൽ അവർക്കൊരിക്കലും വിജയിക്കാനും കഴിയുമായിരുന്നില്ല. അങ്ങനെയാണ് സ്വന്തം ഗുരുനാഥന്റെ പാർട്ടി വിട്ട് ഉർദുഗാനും കൂട്ടാളികളും എ.കെ പാർട്ടി രൂപീകരിച്ചത്.

വൻ ജനസ്വീകാര്യതയാണ് ഈ പാർട്ടിക്ക് ലഭിച്ചത്. 2002-ലെ തെരഞ്ഞെടുപ്പിൽ പത്ത് മില്യനിലധികം പേർ അവർക്ക് വോട്ട് ചെയ്തു. മൊത്തം പോൾ ചെയ്ത വോട്ടിന്റെ 35 ശതമാനം. അതേ സമയം സആദക്ക് (അർബകാൻ ഒടുവിൽ രൂപവത്കരിച്ച പാർട്ടി) ലഭിച്ചത് ഒന്നര ശതമാനം വോട്ട് മാത്രമായിരുന്നു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എ.കെ പാർട്ടി ഏകദേശം 47 ശതമാനം വോട്ട് നേടി. തുർക്കിയിലെ 42 മില്യൻ വോട്ടർമാരിൽ 16 മില്യനിലധികം പാർട്ടിയെ പിന്തുണച്ചു എന്നാണിതിൽനിന്ന് വ്യക്തമാവുന്നത്.

## വന്യമായ മതവിരുദ്ധത

എൺപതിലധികം വർഷമായി (അതായത് തുർക്കി റിപ്പബ്ലിക് നിലവിൽവന്ന ശേഷം) തുർക്കിയെ നിയന്ത്രിച്ചുപോരുന്ന ചില ശാക്തിക ചേരികളുണ്ട്. പത്രങ്ങളും റേഡിയോയും -ഇപ്പോൾ ടെലിവിഷനും- ഉൾപ്പെട്ട മാധ്യമങ്ങളാണ് ഒരു പ്രധാന ശക്തികേന്ദ്രം. പല തട്ടുകളിലുള്ള കോടതികളാണ് മറ്റൊന്ന്. ഇതിലേറ്റവും അധികാരമുള്ളത് ഭരണഘടനാ കോടതിക്കാണ്. തീവ്രവാദികളായ മതവിരുദ്ധരുടെ കൈകളിലെ മർദനോപകരണമായി മാറിക്കഴിഞ്ഞിരിക്കുന്നു ഈ കോടതി. 1960-നു ശേഷം നിരവധി അട്ടിമറികൾ നടത്തിയ സൈന്യവും ഒരു പ്രബലശക്തിയാണ്. അദ്നാൻ മിൻദരീസ് എന്ന പ്രധാനമന്ത്രിയെ വധിക്കുക വരെ ചെയ്തിട്ടുണ്ട് സൈന്യം. തങ്ങളുടെ നോട്ടത്തിൽ ഏതെങ്കിലും പാർട്ടി സെക്യുലരിസത്തിന് ഭീഷണിയാണെന്ന് തോന്നിയാൽ ആ പാർട്ടിയെ നശിപ്പിക്കാൻ ഇപ്പോഴും സൈനിക നേതൃത്വം സദാ ജാഗരൂകമാണ്. ഉർദുഗാൻ ഭരണത്തിലിരുന്ന വർഷങ്ങളിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞെങ്കിലും സൈന്യം ഇപ്പോഴും അജയ്യം തന്നെ. പിന്നെയുള്ളത് യൂനിവേഴ്സിറ്റികളും (നൂറോളം വരും ഇവയുടെ എണ്ണം) അവയുടെ തലവന്മാരും ഉന്നത വിദ്യാഭ്യാസ ബോർഡും ഉൾപ്പെടുന്ന വളരെ ശക്തമായ അക്കാദമിക വിഭാഗമാണ്. ഇസ്‌ലാമികാഭിമുഖ്യമുണ്ടെന്ന് തോന്നിയാൽ മതി അവർ അധ്യാപകരെ ചവിട്ടിപ്പുറത്താക്കും.

ഇസ്‌ലാമികാഭിമുഖ്യത്തെ നേരിടാൻ സിവിൽ സ്ഥാപനങ്ങളും ഇടതുപക്ഷ വേദികളും വേറെയുമുണ്ട്. Gladyo എന്ന പേരിൽ ഒരു രഹസ്യ സൈനിക സംഘം തുർക്കിയിലുണ്ട്. സോവിയറ്റ് അധിനിവേശമോ കമ്യൂണിസ്റ്റ് ഭരണമോ വരാൻ സാധ്യതയുള്ള നാറ്റോ സഖ്യത്തിൽപെടുന്ന നാടുകളിൽ (തുർക്കിയും നാറ്റോവിൽ അംഗമാണ്) ഇത്തരം സൈനിക വിഭാഗങ്ങളെ രഹസ്യമായി പരിശീലിപ്പിച്ചെടുത്തിരുന്നു. കമ്യൂണിസ്റ്റുകാർ അധികാരത്തിലേറാതിരിക്കാൻ എന്തുതരം വിധ്വംസക പ്രവൃത്തികളും-അട്ടിമറി, നേതാക്കളെ കൊലപ്പെടുത്തൽ തുടങ്ങിയവ- നടത്താൻ ഇവർക്ക് അനുവാദമുണ്ടായിരുന്നു. സോവിയറ്റ് യൂനിയന്റെ തകർച്ചയോടെ ഈ രഹസ്യസൈനിക വിഭാഗത്തെ എല്ലാ നാറ്റോ രാജ്യങ്ങളും പിരിച്ചുവിടുകയുണ്ടായി; തുർക്കി ഒഴിച്ച്. അവിടെ ഇപ്പോഴും ഈ വിഭാഗം തങ്ങളുടെ ഭീകരവൃത്തികൾ തകൃതിയായി തുടർന്നുകൊണ്ടിരിക്കുന്നു. ചില വ്യക്തികളെ തെരഞ്ഞുപിടിച്ച് വകവരുത്തുക, എന്നിട്ട് അതിന്റെ ഉത്തരവാദിത്വം മുസ്‌ലിംകളുടെ തലയിൽ കെട്ടിവെക്കുക- ഇതാണിവരുടെ പണി. കൊല്ലപ്പെടുന്നവർ എഴുത്തുകാരോ കമ്യൂണിസ്റ്റുകാരോ നിരീശ്വരവാദികളോ ഒക്കെ ആയിരിക്കുകയും ചെയ്യും. അപ്പോഴേക്ക് പത്രങ്ങൾ ഉറഞ്ഞുതുള്ളിയിട്ടുണ്ടാവും: ‘ഇതാ, തുർക്കിയെ ഇസ്‌ലാമിക ഭീകരത മധ്യ നൂറ്റാണ്ടുകളുടെ ഇരുട്ടിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോകുന്നു. ഏത് ഇസ്‌ലാമിക പ്രവർത്തനവും അപ്പടി നിരോധിക്കുകയേ നിവൃത്തിയുള്ളൂ. കാരണം ഭീകരതയും തീവ്രവാദവും വളർന്നുവരുന്ന വിത്താകുന്നു അത്.’

ചുരുക്കിപ്പറഞ്ഞാൽ ഇതാണ് തുർക്കിയുടെ നിലവിലുള്ള അവസ്ഥ. ഈ അന്തരീക്ഷത്തിൽ ഒരു ഇസ്‌ലാമിക കക്ഷിയുടെ നേതാവിന് എങ്ങനെയാണ് പ്രവർത്തിക്കാനാവുക? ഇസ്‌ലാമിക ചിഹ്നങ്ങൾ ഉയർത്തിക്കാണിച്ചാൽ എന്താവും സ്ഥിതി? രണ്ടേ രണ്ട് ദിവസത്തിനകം ഭരണഘടനാ കോടതി ആ പാർട്ടിയെ പിരിച്ചുവിട്ട് അതിന്റെ സ്വത്തുക്കൾ കണ്ടുകെട്ടിയിരിക്കും. കാരണം തുർക്കി ഭരണഘടന ഒരു ഇസ്‌ലാമിക കക്ഷിയുടെ രൂപവത്കരണം അനുവദിക്കുന്നില്ല. അത്താതുർക്കിന്റെ തത്ത്വങ്ങൾക്കനുസൃതമായി ഒരു സെക്യുലർ പാർട്ടിയായേ പ്രവർത്തിക്കുകയുള്ളൂവെന്ന് ഓരോ കക്ഷിയും ആഭ്യന്തര വകുപ്പിന് ഉറപ്പുകൊടുക്കണം. പാർലമെന്റ് ചേരുമ്പോൾ ഓരോ അംഗവും ഈ തത്ത്വങ്ങൾ മുറുകെപ്പിടിക്കുമെന്നും അവയുടെ പ്രയോഗവത്കരണത്തിന് ശ്രമിക്കുമെന്നും സത്യം ചെയ്യണം. ഈയൊരു നിർബന്ധിതാവസ്ഥയിൽ അർബകാൻ രൂപവത്കരിച്ച പാർട്ടികളും രജിസ്റ്റർ ചെയ്യപ്പെട്ടത് സെക്യുലർ പാർട്ടികളായിട്ടാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പരസ്പരം ആക്ഷേപിക്കുന്നതിൽ അർഥമൊന്നുമില്ല.

## ഉർദുഗാന്റെ ശൈലി

ഇസ്‌ലാമിനു വേണ്ടി പ്രവർത്തിക്കാനുള്ള എല്ലാ വഴികളും ഈ നിലയിൽ കൊട്ടിയടക്കപ്പെട്ടിരിക്കെ, ഉർദുഗാന്റെയും സഹപ്രവർത്തകരുടെയും മുമ്പിൽ തുറന്നു കിടക്കുന്ന വഴി ഏതായിരുന്നു? അത് പൊതുപ്രവർത്തനത്തിന്റെ വിശാലമായ ഇടങ്ങളാണ്.

- ദാരിദ്ര്യം കൊണ്ടും നിരക്ഷരത കൊണ്ടും രോഗം കൊണ്ടും കഷ്ടപ്പെടുന്ന മില്യൻ കണക്കിന് ടർക്കിഷ് മുസ്‌ലിംകളെ രക്ഷപ്പെടുത്താനുള്ള പ്രവർത്തനം.

- തുർക്കിയെ രാഷ്ട്രീയമായും സാമ്പത്തികമായും വ്യാവസായികമായും ശാസ്ത്ര സാങ്കേതികമായും ശക്തിപ്പെടുത്താനുള്ള പ്രവർത്തനം. ലോകത്ത് തുർക്കിക്ക് സ്വന്തമായി ഒരു മേൽവിലാസമുണ്ടാക്കിയെടുക്കാനുള്ള യത്നം.

-മുസ്‌ലിംകളുടെ അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തിനും മതപഠനത്തിനും ഏർപ്പെടുത്തിയ വിലക്കുകൾ നീക്കിക്കളയാനുള്ള പ്രവർത്തനം.

-തീവ്ര മതവിരുദ്ധരിൽനിന്ന് തുർക്കി സമ്പദ്ഘടനയെ രക്ഷിച്ചെടുക്കാനുള്ള പ്രവർത്തനം.

-രാഷ്ട്രീയത്തിലെ സൈനികമേൽക്കോയ്മ ഇല്ലായ്മ ചെയ്യാനും രാഷ്ട്രത്തെ പതിറ്റാണ്ടുകളോളം പിറകോട്ടടിപ്പിച്ച സൈനിക അട്ടിമറികൾക്ക് അറുതിവ

രുത്താനും അങ്ങനെ തുർക്കിയിൽ ജനാധിപത്യത്തെയും മനുഷ്യാവകാശങ്ങളെയും ആഴത്തിൽ വേരുറപ്പിക്കാനുമുള്ള പ്രവർത്തനം.

ഇതൊക്കെ നിസ്സാര ലക്ഷ്യങ്ങളാണോ? ഇസ്‌ലാമിന്റെ ബാനറോ പോസ്റ്ററോ ഇല്ലെങ്കിലും ഇതൊക്കെയും ഇസ്‌ലാമിക ലക്ഷ്യങ്ങൾ തന്നെയല്ലേ? ചുരുക്കത്തിൽ ഉർദുഗാനും സഹപ്രവർത്തകരും ഇക്കാര്യങ്ങളാണ് ചെയ്യാൻ ശ്രമിക്കുന്നത്. അവർ തെറ്റില്ലാത്തവിധം അതിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും വഴി ഒരുപാട് താണ്ടാനുണ്ട്. അവരുടെ നേട്ടങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം:

1. നാണയപ്പെരുപ്പം 37 ശതമാനത്തിൽനിന്ന് 9 ശതമാനമായി കുറച്ചു.

2. അടവ് പലിശയുടെ ശതമാനം 65-ൽനിന്ന് 15 ആയി കുറച്ചുകൊണ്ടുവന്നു. ഇതും ഉയർന്ന നിരക്ക് തന്നെ. ഇനിയും അത് കുറയും. മുൻ ഭരണകൂടങ്ങൾ ഗത്യന്തരമില്ലാതെ ബാങ്കുകളിൽനിന്നും പണക്കാരിൽനിന്നും ധാരാളമായി കടം വാങ്ങിയിരുന്നു. പലിശയുടെ അനുപാതം ഇത്രയധികം കൂടാൻ അതാണ് കാരണം. അതിസമ്പന്നരായ ഒരു പറ്റം ആളുകളുടെ പോക്കറ്റുകളിലേക്ക് രാജ്യത്തിന്റെ പണമൊഴുകുകയായിരുന്നു എന്നാണല്ലോ അതിന്റെ അർത്ഥം. ഇപ്പോൾ പണം പോകുന്നത് വികസന പ്രവർത്തനങ്ങൾക്കും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലേക്കുമാണ്.

3. തുർക്കിയുടെ കറൻസിയായ ലീറ മൂല്യമില്ലാത്ത ഒരു വസ്തുവായിരുന്നു. ഉർദുഗാൻ ഗവൺമെന്റ് മൂല്യശോഷണത്തിന്റെ ആറ് പൂജ്യങ്ങളാണ് കറൻസിയിൽനിന്ന് വെട്ടിക്കളഞ്ഞത്! ഇന്ന് ലീറക്ക് ഡോളറിനോളം മൂല്യമുണ്ട് (ഒരു അമേരിക്കൻ ഡോളർ ഒന്നര ലീറക്ക് തുല്യം). തുർക്കിയിലെ ഇന്നുവരെയുള്ള ഒരു ഭരണകൂടത്തിനും ഇങ്ങനെയൊരു നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എ.കെ പാർട്ടി വാഗ്ദാനം ചെയ്യുംപോലെ ലീറയുടെ മൂല്യം ഉയർത്താനാവില്ല എന്നായിരുന്നു മറ്റെല്ലാ പാർട്ടികളും അവരെ പിന്തുണക്കുന്ന പത്രങ്ങളും പ്രചരിപ്പിച്ചത്. പക്ഷേ അവർ ലക്ഷ്യം എത്തിപ്പിടിക്കുക തന്നെ ചെയ്തു.

4. പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും മറ്റു പഠനോപകരണങ്ങളും പ്രൈമറി, അപ്പർ പ്രൈമറി, സെക്കന്ററി തല വിദ്യാർഥികൾക്ക് സൗജന്യമായി വിതരണം ചെയ്തു. ഈ വിദ്യാർഥികളുടെ എണ്ണം ഏകദേശം പത്ത് മില്യൻ വരും. ദരിദ്ര വിഭാഗങ്ങളുടെ ചുമലിൽനിന്ന് വലിയൊരു ഭാരമാണ് എ.കെ പാർട്ടി ഗവൺമെന്റ് ഇറക്കിവെച്ചത്. ദരിദ്ര വിദ്യാർഥികൾക്ക് പ്രത്യേക സ്കോളർഷിപ്പും ഏർപ്പെടുത്തി.

5. സർക്കാർ ബാങ്കുകൾ 'കൊള്ളയടിക്കുന്ന' എണ്ണമറ്റ രാഷ്ട്രീയക്കാരും ബിസിനസ്സുകാരുമുണ്ട് തുർക്കിയിൽ. ഇങ്ങനെ 46 ബില്യൻ ഡോളറാണ് ഇവർ അടിച്ചെടുത്തത്. അതിൽ വലിയൊരു പങ്ക് വിദേശത്തേക്ക് കടത്തി. ഉർദുഗാൻ അധികാരത്തിലെത്തിയപ്പോൾ ഈയാളുകളുടെ വിലപിടിച്ച വീടുകളിലും കാറുകളിലും വ്യവസായ സ്ഥാപനങ്ങളിലും കൈവെച്ചു. അവരെ നീതിപീഠത്തിന് മുമ്പിൽ ഹാജരാക്കി. മിക്ക തീവെട്ടിക്കൊള്ളക്കാരിൽനിന്നും രാജ്യം രക്ഷപ്പെട്ടു. ശുദ്ധീകരണ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുന്നു.

6. ദരിദ്ര കുടുംബങ്ങൾക്ക്, പ്രത്യേകിച്ച് കൂടുതൽ ശൈത്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കത്തിക്കാനുള്ള ഇന്ധനമായി ഒന്നര മില്യൻ ടൺ കരി സൗജന്യമായി നൽകി. വർഷംതോറും നാലു മില്യൻ ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഈ സഹായം ഇപ്പോഴും തുടരുന്നു.

7. ദരിദ്ര കുടുംബങ്ങൾക്കായി രണ്ട് ലക്ഷത്തി എൺപതിനായിരം ഫ്ളാറ്റുകൾ നിർമിച്ചു. മാസാന്ത ഇൻസ്റ്റാൾമെന്റായി മാസാന്ത വാടകയേക്കാൾ കുറഞ്ഞ ഒരു തുക അടച്ചാൽ മതി. ഫ്ളാറ്റിലേക്ക് താമസം മാറ്റിയതിനു ശേഷമേ കുടുംബങ്ങൾ തുക അടക്കേണ്ടതുള്ളൂ. തുക അടച്ചുതീർക്കാൻ 15 മുതൽ 20 വർഷം വരെ അവധിയുണ്ട്. ഫ്ളാറ്റുകളിൽ ഒരു ലക്ഷത്തി നാൽപതിനായിരം വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി നിർമാണത്തിലാണ്. അഞ്ചു ലക്ഷം ഫ്ളാറ്റുകൾ നിർമിച്ചു നൽകുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

8. എണ്ണമറ്റ വികസന പ്രവർത്തനങ്ങളാണ് ഉർദുഗാൻ ഗവൺമെന്റ് നടത്തിയത്. 6500 കി. മീറ്റർ റോഡ് നിർമിച്ചു. തുർക്കി റിപ്പബ്ലിക് നിലവിൽവന്നതിനു ശേഷം മൊത്തം 5400 കി.മീറ്റർ റോഡ് മാത്രമാണ് നിർമിച്ചത്.

9. ചെങ്കടലിനോട് ചേർന്നുള്ള തന്ത്രപ്രധാനമായ പാത 65 ശതമാനവും സഞ്ചാരയോഗ്യമാക്കി. മുൻ ഭരണകൂടങ്ങൾക്ക് മൊത്തം 35 ശതമാനം മാത്രമേ സഞ്ചാരയോഗ്യമാക്കാൻ കഴിഞ്ഞിരുന്നുള്ളൂ.

10. എ.കെ പാർട്ടി അധികാരത്തിലേറുമ്പോൾ തുർക്കി പൗരന്റെ ശരാശരി വരുമാനം ഏകദേശം 2500 ഡോളർ ആയിരുന്നു. സാമ്പത്തിക നില മെച്ചപ്പെട്ടതിനെത്തുടർന്ന് അത് ഏകദേശം 5500 ഡോളറായി വർധിച്ചു. ഇരട്ടിയിലധികം വർധനവ്.

11. കയറ്റുമതി 36 ബില്യനിൽനിന്ന് 95 ബില്യനായി വർധിച്ചു.

12. ഉർദുഗാൻ അധികാരമേൽക്കുമ്പോൾ അന്താരാഷ്ട്ര നാണയനിധി(ഐ.എം.എഫ്)ക്ക് കൊടുക്കാനുണ്ടായിരുന്ന കടം 23 ബില്യൻ ഡോളർ. അത് ഒമ്പത് ബില്യനായി കുറഞ്ഞു. കടക്കെണിയിൽനിന്ന് രാഷ്ട്രത്തെ പടിപടിയായി രക്ഷപ്പെടുത്തിയെടുക്കാനുള്ള ശ്രമത്തിലാണ്. ഇനി തുർക്കിക്ക് ഐ.എം.എഫിന്റെ സഹായം ആവശ്യമില്ലെന്ന് ഐ.എം.എഫിന്റെ തലവൻതന്നെ ഈയിടെ പ്രസ്താവിക്കുകയുണ്ടായി.

13. 2005-ൽ യൂറോപ്യൻ യൂനിയനിൽ തുർക്കിക്ക് അംഗത്വം നൽകാനുള്ള ചർച്ച യൂനിയൻ നേതാക്കളുമായി പുനരാരംഭിക്കുന്നതിൽ ഗവൺമെന്റ് വിജയിച്ചു. ഇത് വലിയൊരു നേട്ടമായാണ് വിലയിരുത്തപ്പെടുന്നത്.

14. വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിലുണ്ടായ വൻകുതിപ്പുകൾ.എല്ലാ ആശുപത്രികളും സാധാരണക്കാരന് തുറന്നു കൊടുത്തു; പ്രൈവറ്റ് ആശുപത്രികൾ വരെ. ഫീസിന്റെ ചെറിയൊരു ഭാഗം മാത്രം രോഗി അടച്ചാൽ മതി. ബാക്കി ഗവൺമെന്റ് വഹിക്കും. 39 പുതിയ യൂനിവേഴ്സിറ്റികൾ സ്ഥാപിച്ചു.

15. വ്യക്തിസ്വാതന്ത്ര്യവും അഭിമാനവും സംരക്ഷിക്കുന്നതിനുവേണ്ടി നിരവധി നിയമങ്ങൾ കൊണ്ടുവന്നു. ജയിലുകളിലെയും പോലീസ് സ്റ്റേഷനുകളിലെയും മൂന്നാംമുറകൾ നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. നിയമം ലംഘിക്കുന്നവരെ ശിക്ഷിച്ചു. സംഘം ചേരാനും പ്രകടനം നയിക്കാനും അഭിപ്രായ പ്രകടനത്തിനും കൂടുതൽ സ്വാതന്ത്ര്യം നൽകി. വ്യക്തിക്ക് വിവരങ്ങൾ അറിയാനുള്ള അവകാശം നിയമനിർമാണത്തിലൂടെ ഉറപ്പുവരുത്തി. ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഭാഷയിൽ അധ്യയനം നടത്താനുള്ള അവകാശം നൽകി. ഇപ്പോൾ കുർദുകൾക്ക് കുർദ്ഭാഷയിൽ ടെലിവിഷൻ ചാനലുകൾ തുടങ്ങാനും പത്രങ്ങൾ പ്രസിദ്ധീകരിക്കാനുമുള്ള അനുവാദമുണ്ട്. പൊതുസമൂഹത്തിന്റെ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനും പുരോഗമനപരമായ നിലപാടുകൾ സ്വീകരിച്ച് കാലത്തോടൊപ്പം സഞ്ചരിക്കാനും കഴിഞ്ഞത് പിന്തിരിപ്പൻ എന്ന് മുദ്രകുത്തപ്പെട്ട എ.കെ പാർട്ടിക്കായിരുന്നു എന്നർഥം. മുഴുവൻ ഇടതു-വലതു കക്ഷികൾക്കും ഇക്കാര്യത്തിൽ എ.കെ പാർട്ടിയുടെ പിന്നിലാണ് സ്ഥാനം.

16. രാഷ്ട്രീയത്തിൽ സൈന്യത്തിന്റെ പിടിത്തം കുറച്ചുകൊണ്ടുവന്നു. ഉന്നതാധികാര ദേശസുരക്ഷാസമിതിതന്നെ സൈന്യത്തിന്റെ മേധാവിത്വം വിളിച്ചറിയിക്കുന്നതാണ്. ഈ സമിതിയിൽ പ്രധാ

നപ്പെട്ട പകുതി സീറ്റുകളും കൈയടക്കി വെച്ചിരിക്കുന്നത് സൈനിക തലവന്മാരാണ്. ബാക്കി പകുതിയിൽ മാത്രമാണ് സിവിലിയന്മാരായ മന്ത്രിമാർക്ക് പ്രവേശനം.

17. എല്ലാ അയൽരാഷ്ട്രങ്ങളുമായി ബന്ധം മെച്ചപ്പെടുത്താൻ ശ്രമിച്ചു. പ്രത്യേകിച്ച് അറബ് രാജ്യങ്ങളുമായി. മുസ്ലിംരാഷ്ട്രങ്ങളുടെ കൂട്ടായ്മയായ ഒ.ഐ.സിയിൽ സജീവ സാന്നിധ്യമറിയിച്ചു.

ഉർദുഗാൻ ഗവൺമെന്റിന്റെ നേട്ടങ്ങൾ ചുരുക്കിപ്പറയാനാണ് ശ്രമിച്ചത്. തുർക്കിയിലോ ഏതെങ്കിലും അറബ് രാജ്യത്തോ ഇത്രയേറെ ജനസേവനപ്രവർത്തനങ്ങൾ നത്തിയ ഒരു ഭരണകൂടം ഉണ്ടായിട്ടില്ല.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തോടെ അധികാരത്തിൽ തിരിച്ചെത്തിയ ഉർദുഗാൻ ഭരണകൂടത്തിന്റെ ഭാവിപരിപാടികൾ എന്തൊക്കെയായിരിക്കും?

രണ്ടാമൂഴത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്കാവും ഉർദുഗാൻ മുൻഗണന നൽകുക എന്ന് ഞാൻ കരുതുന്നു:

* സമ്പദ്ഘടനയെ കൂടുതൽ ശക്തിപ്പെടുത്തും. നാണയപ്പെരുപ്പത്തിന്റെയും പലിശയടവിന്റെയും തോത് ഇനിയും കുറച്ചുകൊണ്ടുവരും. ഒരു തുർക്കി പൗരന്റെ വാർഷികവരുമാനം അഞ്ചു വർഷത്തിനകം പതിനായിരം ഡോളറായി വർധിപ്പിക്കുകയാണ് തന്റെ ലക്ഷ്യമെന്ന് ഉർദുഗാൻ പ്രഖ്യാപിച്ചിട്ടുണ്ട്. കയറ്റുമതി വർധിപ്പിക്കാനും തൊഴിലില്ലായ്മ നിർമാർജനം ചെയ്യാനുമുള്ള യത്നങ്ങൾ തുടരും.

* രാഷ്ട്രത്തിന് പുതിയൊരു ഭരണഘടനയുണ്ടാക്കും. പൊതുസമൂഹത്തെ ചങ്ങലയിൽ മുറുക്കുന്ന നിരവധി കാടൻ നിയമങ്ങൾ ഇപ്പോൾ പ്രാബല്യത്തിലുണ്ട്. യൂനിവേഴ്സിറ്റികളിൽ ഹിജാബ് ധരിച്ച് കടന്നുകൂടാ പോലുള്ള വിലക്കുകൾ എടുത്തുമാറ്റാൻ അതുവഴി കഴിഞ്ഞേക്കും.

## എ.കെ പാർട്ടി അമേരിക്കൻ ഏജന്റോ?

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഉയർന്നു കേട്ട ഒരു ആരോപണമാണിത്. എ.കെ പാർട്ടി അമേരിക്കയുടെയും ഇസ്രയേലിന്റെയും ഐ.എം.എഫിന്റെയും ഏജന്റാണ്! തീർത്തും വാസ്തവവിരുദ്ധമായ ആരോപണം. ലോകരാഷ്ട്രീയത്തെക്കുറിച്ച് അൽപമെങ്കിലും വിവരമുള്ളവർക്കറിയാം, ഉർദുഗാൻ ഭരണത്തിൽ തുർക്കി അമേരിക്കക്ക് വഴങ്ങിക്കൊടുത്തിട്ടില്ലെന്ന്. അമേരിക്കയുടെ ഇറാഖ് ആക്രമണകാലത്ത് സ്വന്തം മണ്ണിലേക്ക് അമേരിക്കൻ സൈന്യത്തെ കടക്കാൻ അനുവദിക്കാത്ത മേഖലയിലെ ഏക രാജ്യമാണ് തുർക്കി. സൈന്യത്തെ കടക്കാൻ സമ്മതിച്ചാൽ വൻ സാമ്പത്തിക സഹായവും അമേരിക്ക വാഗ്ദാനം ചെയ്തിരുന്നു. ആ തുക തുർക്കി സമ്പദ്ഘടനക്ക് അത്യാവശ്യമായിരുന്നിട്ടും തുർക്കി പാർലമെന്റ് ആവശ്യം നിരാകരിക്കുകയാണ് ചെയ്തത് (അന്ന് 550 അംഗ പാർലമെന്റിൽ എ.കെ പാർട്ടിക്ക് 368 അംഗങ്ങൾ ഉണ്ടായിരുന്നു). ഈ നിലപാട് തുർക്കി–അമേരിക്കൻ ബന്ധങ്ങളിൽ വലിയ വിള്ളലുകളുണ്ടാക്കി. അമേരിക്കൻ വക്താക്കൾ പ്രകോപിതരായി. അവരിലൊരാൾ ഉർദുഗാൻ ഗവൺമെന്റിനെ അട്ടിമറിക്കാൻ തുർക്കി സൈന്യത്തെ പ്രേരിപ്പിക്കുക പോലും ചെയ്തു.

തുർക്കിയും അമേരിക്കയും തമ്മിൽ ഒട്ടേറെ പ്രശ്നങ്ങളുണ്ടെന്ന് ഏതൊരു രാഷ്ട്രീയ വിദ്യാർഥിക്കും അറിയാം. അതിലൊന്നാണ് വർഷങ്ങളായി തുടരുന്ന സൈപ്രസ് പ്രശ്നം. ഇറാഖാണ് മറ്റൊരു പ്രശ്നം. അവിടെ അറ്റമില്ലാതെ തുടരുന്ന രക്തച്ചൊരിച്ചിലിന് തുർക്കി അമേരിക്കയെയാണ് കുറ്റപ്പെടുത്തുന്നത്. ഇറാഖ് ഒന്നിച്ചുനിൽക്കണമെന്ന് തുർക്കി ആഗ്രഹിക്കുമ്പോൾ അതിനെ ശിഥിലമാക്കാനാണ് അമേരിക്ക ശ്രമിക്കുന്നത്. കുർദ് പ്രശ്നത്തിലുമുണ്ട് ഭിന്നത. വടക്കൻ ഇറാഖിൽ കുർദുകൾ വേറിട്ട് ഒരു രാഷ്ട്രമായി മാറുന്നതിനെ അനുകൂലിക്കുകയാണ് അമേരിക്ക. തുർക്കിയാകട്ടെ ഈ നിലപാടിനെ ഇറാഖിന്റെ അഖണ്ഡതക്കും തുർക്കിയുടെ ദേശസുരക്ഷക്കും ഭീഷണിയായി കാണുന്നു.

തുർക്കിയിലെ കുർദിഷ് വർക്കേഴ്സ് പാർട്ടിക്ക് എല്ലാവിധ സ്വാതന്ത്ര്യവും പരിരക്ഷയും നൽകുകയാണ് അമേരിക്ക. ഇവരിൽപെട്ട അയ്യായിരത്തോളം സായുധപോരാളികൾ വടക്കൻ ഇറാഖിലാണ് താവളമടിച്ചിരിക്കുന്നത്. അവർ ഇടക്കിടെ തുർക്കിയിലേക്ക് കയറി നിർബാധം ബോംബ് സ്ഫോടനങ്ങളും കൂട്ടക്കൊലകളും നടത്തുന്നു. തിരിച്ച് വടക്കൻ ഇറാഖിലേക്ക് രക്ഷപ്പെടുന്നു. ഇവരിൽനിന്ന് പിടിച്ചെടുത്ത ആയുധങ്ങൾ അമേരിക്കൻ നിർമിതമാണ്. ഇക്കാര്യത്തിൽ തുർക്കി–അമേരിക്കൻ ബന്ധം പിരിമുറുക്കത്തിലാണ്. അമേരിക്ക ഈ സായുധസംഘങ്ങളെ പിടികൂടി തങ്ങളെ ഏൽപിക്കണമെന്നാണ് തുർക്കിയുടെ ആവശ്യം. അമേരിക്ക അത് കേട്ടതായേ ഭാവിക്കുന്നില്ല.

തുർക്കി 'ഫലസ്ത്വീനീ ഭീകരത'യെ പ്രോത്സാഹിപ്പിക്കുകയാണെന്ന് അമേരിക്കയും ഇസ്രയേലും ആരോപിച്ചത് ഈയിടെയാണ്. ഫലസ്ത്വീൻ പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യയെ ഉർദുഗാൻ അങ്കാറയിലേക്ക് ക്ഷണിച്ചതാണ് കാരണം. തുർക്കിയിലൂടെ യൂറോപ്പിലേക്ക് പ്രകൃതിവാതകം കൊണ്ടുപോകുന്നതിനുള്ള ഒരു പദ്ധതിക്ക് തുർക്കിയും ഇറാനും ധാരണയിലെത്തിയതും അമേരിക്കയെ ചൊടിപ്പിക്കുകയുണ്ടായി. ഇറാനിലെ മൂന്ന് ഫീൽഡുകളിൽനിന്ന് പ്രകൃതിവാതകമെടുക്കാനുള്ള അവകാശം തുർക്കി സമ്പാദിച്ചതും അമേരിക്കക്ക് രസിച്ചില്ല. അമേരിക്ക പ്രതിഷേധിച്ചെങ്കിലും തുർക്കി വകവെച്ചില്ല. ഇറാനുമായുള്ള കരാർ ദേശീയതാൽപര്യം മുൻനിർത്തിയാണെന്നും അക്കാര്യത്തിൽ മറ്റുള്ളവർ എന്തു പറയുന്നു എന്ന് തുർക്കി നോക്കാറില്ലെന്നുമാണ് എ.കെ പാർട്ടിയുടെ ഗവൺമെന്റ് പ്രതികരിച്ചത്. അമേരിക്കയുടെ ഏജൻസിപ്പണി ചെയ്യുകയാണ് എന്ന ആരോപണത്തിൽ യാതൊരു കഴമ്പുമില്ലെന്ന് സാരം. ■

(*അൽമുജ്തമഅ്* വാരിക, 2007 സെപ്റ്റംബർ 7).

ടർക്കിഷ് ചരിത്രകാരനും രാഷ്ട്രീയ നിരീക്ഷകനുമാണ് ലേഖകൻ